മലക്കപ്പാറ പോലീസ് സ്റ്റേഷൻ

185 (190) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ജീർണ്ണിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ?

ഉത്തരം

(എ&ബി) മലക്കപ്പാറ പോലീസ് സ്റ്റേഷനു കെട്ടിടം പണിയുന്നതിനായി വനഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ തൃശ്ശൂർ ജില്ലാ പോലീസ് മേധാവി വാഴച്ചാൽ ഡിവിഷനൽ ഫോറസ്റ്റ് ഓഫീസിൽ നൽകിയിട്ടുണ്ട്. ഭൂമി അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് ടി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിലെ സദാചാര ഗുണ്ടാ ആക്രമണ കേസുകൾ

186 (191) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് സദാചാര ഗുണ്ടാ ആക്രമണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പ്രതികൾ ഓരോ കേസിലും ഉൾപ്പെട്ടിട്ടുണ്ട് എന്നും പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രതികളിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ സദാചാര പോലീസ് ചമഞ്ഞ് 4 അക്രമ സംഭങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതിന് മുക്കം പോലീസ് സ്റ്റേഷനിൽ 2 കേസും പയ്യോളി പോലീസ് സ്റ്റേഷനിൽ 2 കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ 4 കേസുകളിലായി 25 പ്രതികളുണ്ട്. ഇതിൽ 3 കേസുകളിലെ 22 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (1) മുക്കം പോലീസ്

LIBRARY ARCHIVES Kerala Legislative Assembly